For Private Circulation Only

November 2020

# ആഗമനദൂതൻ

HOLY BIBLE

Vol.67

സമാധാനത്തിന്റെ കർത്താവായവൻ താൻ നിങ്ങൾക്കു എല്ലായ്പ്പോഴും നൽകുമാറാകട്ടെ” (2 തെസ്സ.3:16)

No.11

## ഇങ്ങനെയുള്ളൊരു കാലത്തിനായിട്ടല്ലോ വിളിക്കപ്പെട്ടിരിക്കുന്നത്

By Ray Reed

ഇന്നു നാം വസിക്കുന്ന കാലഘട്ടത്തിലെ ദുരന്തങ്ങളെക്കുറിച്ച് എഴുതിയിരിക്കുന്ന റോമാലേഖനത്തിലെ ഒരു ദൂത്. അത് ഇങ്ങനെ വായിക്കുന്നു. “ ഇത് ചെയ്യേണ്ടത് ഉറക്കത്തിൽ നിന്നുണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നെ. നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം അടുത്തിരിക്കുന്നു. “രാത്രികഴിവാറായി പകൽ അടുത്തിരിക്കുന്നു. അതുകൊണ്ട് നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞ് വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക. പകൽ സമയത്ത് എന്നപോലെ നാം മര്യാദയായി നടന്നു വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലുമല്ല, ശയനമോഹങ്ങളിലും ദുഷ്കാമങ്ങളിലുമല്ല, പിണക്കത്തിലും അസൂയയിലുമല്ല, കർത്താവായ യേശുക്രിസ്തുനെത്തന്നെ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറ് ജഡത്തിനായി ചിന്തിക്കരുത് ”. (റോമർ. 13:11-14).

ശൈശവാസ്ഥയിലായിരിക്കുന്ന റോമിലെ സഭയ്ക്കുവേണ്ടി പൗലൊസ് എഴുതുകയാണ്. റോമൻ സമൂഹം ആ കാലത്ത് സാമൂഹ്യപരമായും സാംസ്കാരികമായും ക്ഷീണിച്ച അവസ്ഥയിലായിരുന്നു. സാമ്രാജ്യം തകർച്ചയുടെ വക്കിലായിരുന്നു. നേരത്തെയുള്ള അവരുടെ ചരിത്രം പരിശോധിച്ചാൽ അവരുടെ നിയമസംഹിതയുടെ ക്രമം രാഷ്ട്രീയ സംവിധാനങ്ങളുടെ പൂർണ്ണത, ധാർമികനിലവാരം, നിയമത്തോടുള്ള വിധേയത്വം ഇവയെല്ലാം ഉയർന്ന നിലവാരമായിരുന്നു. എന്നാൽ ഇപ്പോൾ നാശത്തിന്റെ വിത്തുകൾ, അനുസരണക്കേടിന്റെ വിത്തുകൾ, അയഞ്ഞ മനോഭാവത്തിന്റെ വിത്തുകൾ, സ്വാർത്ഥതയുടെ വിത്തുകൾ, ആർത്തിയുടെ വിത്തുകൾ, മോഹത്തിന്റെ വിത്തുകൾ മുളച്ച് വേരൂന്നി പാപം പടർന്നു പിടിച്ച് സമൂഹം മലിനപ്പെട്ടിരിക്കുന്ന സമയം. എഡ്വേർഡ് ഗിബോൺ എന്ന ചരിത്രകാരൻ എഴുതിയിരിക്കുന്നത് റോമാസാമ്രാജ്യത്തിന്റെ തകർച്ചയും വീഴ്ച യും പുറമേയുള്ള ആക്രമണത്താലല്ല, പിന്നെയോ, അനുസരണക്കേടിനാലും പാപത്താലുമത്രേ സംഭവിച്ചത്. ഇങ്ങനെയുള്ള ഒരു രാഷ്ട്രീയ സാഹചര്യത്തിലാണ് റോമിലെ സഭയുടെ ആരംഭകാലം. റോമൻ സഭയിലെ വിശ്വാസികൾ ജീവിച്ചത്. സാമൂഹികമായി, രാഷ്ട്രീയമായി, സാമ്പത്തികമായി, ആഭ്യന്തരമായി, ധാർമ്മികമായി, നാം ഇന്ന് ജീവിക്കുന്ന കാലഘട്ടത്തെപ്പോലെ തകർന്ന നിലവാരത്തിലാണ്.

മുകളിൽ വായിച്ച 11-ാം വാക്യത്തിൽ ഇത് ചെയ്യേണ്ടിടത്ത്, “ ഉറക്കത്തിൽ നിന്നുണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നെ; “ നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ നമുക്ക് ഇപ്പോൾ അധികം അടുത്തിരിക്കുന്നു”. ഇവിടെ അപ്പോസ്തലനായ പൗലൊസ് സമയം എന്ന പദം രണ്ട് പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. നിങ്ങൾ സമയത്തെ അറികയാൽ.... മൂല ഭാഷയിൽ ഈ രണ്ട് പ്രയോഗങ്ങളും രണ്ടു അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. ഒന്നാമത്തേത് സമയം. സമയത്തെ അറികയാൽ ഇത് ഒരു പ്രത്യേക സാഹചര്യത്തിലാണ്; ഇത് സാഹചര്യത്തോടുള്ള ബന്ധത്തിലാണ്. സാധാരണ അർത്ഥത്തിലല്ല ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. അക്ഷരീകമായി ഇത് അർത്ഥമാക്കുന്നത്. ഒരു പ്രത്യേക കാലഘട്ടത്തെ കാത്തിരിക്കുകയാണ്. വില്യംസ് എന്ന ക്രിസ്തീയ എഴുത്തുകാരൻ പറഞ്ഞിരിക്കുന്നത്. ഇന്നത്തെ കാലഘട്ടത്തെ അറികയാൽ എന്നാണ്. അപ്പോസ്തലനായ പൗലൊസ് സഭയ്ക്ക് എഴുതുന്നത്, ഈ പ്രത്യേക കാലഘട്ടത്തിൽ, ഈ അടിയന്തിര ഘട്ടത്തിൽ എന്നൊക്കെയാണ്.

രണ്ടാമതായി, ഉറക്കത്തിൽ നിന്നും ഉണരുവാനുള്ള സമയം. അർത്ഥമാക്കുന്നത്, പ്രവർത്തിപ്പാനുള്ള സമയം എന്നാണ്. ഇവിടെ ഒരത്യാവശ്യവും ഒരു സമ്മർദ്ദവും കാണുന്നു. സമയം താമസിച്ചുപോയി, അതുകൊണ്ട് കടന്നുകൂടുവാൻ ശ്രമിക്കുന്നു. ഇത് പ്രവർത്തിക്ക് വേണ്ടിയുള്ള ഒരു വിളിയാണ്. ക്രിസ്തീയ എഴുത്തുകാരനായ ലെൻസ്കി തന്റെ പുസ്തകത്തിൽ പറയുന്നത് പൗലൊസ് സംസാരിക്കുന്നത്, ഒരു അലാറം മുഴങ്ങുന്നതിനെക്കുറിച്ചാണ്. റോമിലുള്ള ഇങ്ങനെയുള്ള ഒരു കൂട്ടം വിശ്വാസികൾക്കു വേണ്ടിയാണ് പൗലൊസ് ലേഖനം എഴുതുന്നത്.

അന്നത്തെ സാഹചര്യങ്ങളെക്കുറിച്ച് പൗലൊസ് വ്യക്തമായി എഴുതുന്നുണ്ട്. 13-ാം വാക്യത്തിൽ താൻ പറയുന്നത്, “പകൽ സമയത്ത് എന്നപോലെ മര്യാദയായി നടക്ക; വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലുമല്ല; ശയനമോഹങ്ങളിലും ദുഷ്കാമങ്ങളിലുമല്ല, പിണക്കത്തിലും അസൂയയിലുമല്ല” (റോമർ.13:13). ശരിയായി പ്പറഞ്ഞാൽ, അത് ആ സമൂഹത്തിന്റെ പാപത്തിന്റെ പൂർണ്ണമായ ഒരു ലിസ്റ്റ് അല്ല. ഇത് ഒരു ചുരുക്കപ്പട്ടികയാണ്. ഇവിടെയുള്ള പട്ടികയെ മൂന്നായി തരംതിരിച്ചിരിക്കുന്നു. ഈ മൂന്ന് തരംതിരിവുകൾ സകല പാപങ്ങളുടെയും രത്നച്ചുരുക്കമാണ് എല്ലാ പാപങ്ങളും ഇതിൽ ഏതെങ്കിലും ഒന്നിൽ വരുന്നു.

(ശേഷം 5-ാംപേജിൽ)

# ഇത് ദുഷ്കാലത്തിന് ദൈവത്തിന്റെ പരിഹാരം

By. W.C.Moor

നീതിയുടെ ഉണർവ്വാണ് ദൈവത്തിന്റെ പരിഹാരം! ദേശീയദുരന്തങ്ങൾക്ക് പരിഹാരത്തിനായി ഉത്തരവാദിത്വം വഹിക്കുവാൻ ദൈവം ജാതികളെ ആക്കി വച്ചിട്ടില്ല. തന്റെ സ്വന്ത ജനത്തെയാണ് ആ ഉത്തരവാദിത്വം ഭരമേല്പിച്ചത്. “ എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെതന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടു തിരിയും എങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്ന് കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തി കൊടുക്കും” (2ദിന.7:14)

സമയം വേഗത്തിൽ ഓടിക്കൊണ്ടിരിക്കുന്നു. കർത്താവിന്റെ വരവ് സമീപിച്ചിരിക്കുന്നു. സമയം അടുത്തിരിക്കുന്നു, “ നമ്മിൽ ഓരോരുത്തൻ ദൈവത്തിന് കണക്ക് ബോധിപ്പിക്കേണ്ടിവരും” (റോമർ. 14:12). അങ്ങനെ അല്ലേ, അതുകൊണ്ട് ഒരു ഉണർവ്വ്, നമ്മുടെ ഹൃദയങ്ങളിൽ, നമ്മുടെ ഭവനങ്ങളിൽ നമ്മുടെ സഭകളിൽ, നമ്മുടെ പട്ടണത്തിൽ, നമ്മുടെ രാജ്യത്ത് ലോകത്തിലാകമാനവും കത്തി ജ്വലിക്കട്ടെ.

പ്രിയ വിശ്വാസികളെ നാം ഒരു അത്യാഹിതഘട്ടത്തിലാണ്. പരിശുദ്ധാത്മാവിന്റെ ഉണർവ്വിന്റെ പ്രവൃത്തികൾക്കായി കൂട്ടുചേർന്ന് നമ്മുടെ ആരോഗ്യം സമയം, പണം എല്ലാം ചെലവിടുവാൻ ഉത്സാഹിക്കേണ്ടതാണ്. സ്വാർത്ഥതയും, മത്സരവും ആവശ്യമില്ലാത്തചെലവുകളും വിടേണ്ടതാണ്. ദൈവം നമ്മെ സഹായിക്കും. സമയം അടുത്തിരിക്കുന്നു, വിശുദ്ധന്മാരോ ഒരുങ്ങിയിട്ടില്ല. ഈ സന്ദർഭത്തിൽ ദൈവത്തിന്റെ സഹായത്തിനായി അടുത്തുചെല്ലാം. ഇന്നത്തെ ആവശ്യമായ ദൈവിക ഉണർവിനായി ദൈവത്തിങ്കേല്യ്ക്ക് നോക്കാം.

ഒരു ഉണർവിനുവേണ്ടി പ്രാർത്ഥനയിൽ പോരാടുവാൻ കഴിയാതെ നമ്മുടെ വിലപ്പെട്ട സമയങ്ങളും പണത്തെയും ആരോഗ്യത്തെയും എങ്ങനെ നഷ്ടപ്പെടുത്തുവാൻ കഴിയും. ഈ സമയം നാം എഴുന്നേൽക്കാതെ മരണകരമായ അവസ്ഥയിലും ശീതോഷ്ണാവസ്ഥയിലുമാണ് കഴിയുന്നതെങ്കിൽ അവിടുന്നു തന്റെ വായിൽ നിന്നും നമ്മെ ഉമിണ്ണുകയും (വെളി. 3:16).

**പ്രസവവേദന**

“ സീയോനോ, നോവുകിട്ടിയ ഉടൻ തന്നെ മക്കളെ പ്രസവിച്ചിരിക്കുന്നു” (യെശ. 66:8), നമുക്ക് നീതിയുടെ ഒരു ഉണർവ്വ് ആവശ്യമായിരിക്കുന്നു! തന്റെ ശക്തിയുടെ മഹത്വത്തിൽ വെളിപ്പെടുന്ന ദൈവത്തെ നമുക്ക് ആവശ്യമായിരിക്കുന്നു. ഇന്നത്തെ ആവശ്യങ്ങളിൽ പര്യാപ്തമായ പരിശുദ്ധാത്മാവിന്റെ പകർച്ച നമുക്കാവശ്യമായിരിക്കുന്നു. എവിടെ നിങ്ങൾ ആയിരുന്നാലും നിങ്ങളുടെ ആത്മഭാരത്തെ മോഷ്ടിച്ചുകളയുവാൻ ശത്രുവിനെ അനുവദിക്കരുത്. മാറ്റം ഉണ്ടാകുന്നതുവരെയും ഉണർവ്വു ഉണ്ടാകുന്നതുവരെയും പ്രാർത്ഥിക്കാം

പ്രസവവേദനയിൽ കുഞ്ഞുങ്ങൾ ലോകത്തേലേയ്ക്ക് ജനിക്കുന്നു. ആത്മാക്കൾക്കുവേണ്ടിയുള്ള പ്രസവവേദനയിൽ ആളുകൾ

(ശേഷം 8-ാംപേജിൽ)

**കർത്താവിൽ പ്രിയരേ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

“ എന്നാൽ സകല മനുഷ്യർക്കും നാം സർവ്വഭക്തിയോടും ഘനത്തോടും കൂടെ സാവധാനതയും സ്വസ്ഥതയുമുള്ള ജീവനം കഴിക്കേണ്ടതിനു വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം എന്നു ഞാൻ സകലത്തിനും മുമ്പെ പ്രബോധിപ്പിക്കുന്നു. ദൈവം നല്ലവനല്ലോ ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ ” (1തിമൊ. 2:1-6)

2020 വർഷത്തിന്റെ ഒക്ടോബർ മാസം നമ്മെ വിട്ട് കടന്നുപോയി. നവംബർ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

നമ്മുടെ ദൈവം വലിയവനാണ്. അവൻ നിങ്ങളെ ഉപേക്ഷിക്കുകയില്ല. നമ്മെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഈ രോഗങ്ങളും ദു:ഖങ്ങളും കർത്താവിൽ സമർപ്പിച്ചു കൊണ്ടു വേണം ഓരോ ദിവസവും നാം മുമ്പോട്ടു പോകുവാൻ നാം ദൈവത്തോടു അടുത്തുചെല്ലണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവം നമ്മോടു കൂടെയുണ്ട്. കഷ്ടത നിറഞ്ഞ ലോകത്തെ ജയിച്ച ജയാളിയായ യേശു കർത്താവിൽ നിന്ന് നമുക്ക് ധൈര്യം പ്രാപിക്കാം.

ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല. ഉപേക്ഷിക്കയുമില്ല. ആകാശവും ഭൂമിയും മാറിപ്പോകും. പക്ഷേ എന്റെ വാഗ്ദാനം മാറുകയില്ല. ഞാൻ നിന്നെ നരയ്ക്കുവോളം നിന്റെ ജീവിതാവസാനം വരെ ചുമക്കും. നാ അകത്തുവരുമ്പോൾ അനുഗ്രഹിക്കപ്പെട്ടിരിക്കും. പുറത്തുപോകുമ്പോൾ അനുഗ്രഹിക്കപ്പെട്ടിരിക്കും. ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചുകൊണ്ടു മുമ്പോട്ടു നീങ്ങാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം


## ആഗമനദൂതൻ



ബിന്ദു.എം
എഡിറ്റർ
Mob:8589901702

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: 9446590913, 9809882926

കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702
**E-mail:bindhum1971@yahoo.in**

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക


മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

# വില്യംകേറി, ഇൻഡ്യയിലേയ്ക്കുള്ള മിഷ്യനറി (ഭാഗം 5)

ചില വർഷങ്ങളിലെ വിശ്രമം കൂടാതെയുള്ള പ്രവർത്തനങ്ങൾക്ക് ശേഷം ഇൻഡ്യയിൽ ചില നിർണ്ണായകമായ നേട്ടങ്ങൾ കൈവരിക്കുവാൻ കേറിക്കു കഴിഞ്ഞു. തന്റെ പ്രവർത്തനങ്ങൾക്ക് കൂട്ടായി കൂടുതൽ ആളുകളും വന്നെത്തുകയുണ്ടായി. 1800–ൽ ഇംഗ്ളണ്ടിലുള്ള ബാപ്റ്റിസ്റ്റു മിഷ്യനറി സമൂഹം ഏഴുപേരുള്ള ഒരു സംഘത്തെ കേറിയ്ക്ക് കൂട്ടായി ഇൻഡ്യയുടെ സുവിശേഷീകരണത്തിനായി അയയ്ക്കുവാനിടയായി.

**സെറാംപൂരിൽ വേല സ്ഥാപിക്കപ്പെട്ടു**

മിഷനറിമാർ ഇൻഡ്യയിലേക്ക് വരുന്നതിൽ ഈസ്റ്റ് ഇൻഡ്യാ കമ്പനിക്ക് എതിർപ്പായിരുന്നു. എന്നാൽ അറിഞ്ഞുകൊണ്ടു തന്നെ കപ്പലിന്റെ ക്യാപ്റ്റൻ മിഷനറിമാരുടെ പുതിയ സംഘത്തെ കൊണ്ടു വന്നു, അദ്ദേഹം വേലയോടു താല്പര്യം ഉള്ള ആളായിരുന്നു, അദ്ദേഹം അവരെ കൽക്കട്ടയിലേക്ക് കൊണ്ടുപോകുന്നതിന് പകരം സെറാംപൂരിലേയ്ക്കു കൊണ്ടുപോയി. സെറാംപൂർ ഡൻമാർക്കിന്റെ അധികാരത്തിൻ കീഴുള്ള ഒരു വ്യാപാര കേന്ദ്രമായിരുന്നു.

ഡാനിഷ് ഗവർണർ ആയ ബി അവരെ ഹാർദ്ദവമായി സ്വീകരിച്ചു വേലയ്ക്കുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തു. സെറാംപൂരിലെ മുഡ്നാബാട്ടി എന്ന സ്ഥലസത്ത്, കമ്പനി വക പ്രദേശത്ത് വേല സ്ഥാപിച്ചു. പ്രവർത്തകർക്കു കൂടി വരുവാൻ കൊള്ളാകുന്ന സ്ഥലമായിരുന്നു എന്ന് കേറി മനസ്സിലാക്കി. അവിടെ പ്രവർത്തനം സ്ഥാപിച്ചാൽ പുറത്തുനിന്നും എതിർപ്പുകളും ഉണ്ടാകാൻ സാദ്ധ്യതയില്ല എന്ന് ബി മനസിലാക്കിയിരുന്നു. ഗവർണ്ണറുടെ പ്രത്യേക ശ്രദ്ധയും ഈ പ്രവർത്തനങ്ങളുടെമേൽ ഉണ്ടായിരുന്നതുകൊണ്ട് പുറത്തുനിന്നും പുതിയ പ്രവർത്തകർക്കു നേരെ ഉണ്ടാകാൻ സാദ്ധ്യതയുള്ള എതിർപ്പുകളും ഒഴിവാകും എന്ന് കേറി കണ്ടു. അതു ദൈവത്തിന്റെ വലിയൊരു കരുതലായിരുന്നു. കേറിയുടെ ശേഷം ജീവിതവും പ്രവർത്തനവും അവിടെ ആയിരിക്കയും ആസ്ഥാന മന്ദിരങ്ങളും ഭവനവും ഒക്കെ അവിടെ പണികഴിപ്പിക്കയും ചെയ്യും.

**പ്രവർത്തനങ്ങൾ പുറത്തേയ്ക്ക് വിശാലത പ്രാപിക്കുന്നു.**

മറ്റൊരു സംഘം മിഷനറിമാർ കുടുംബസഹിതം വന്നു ചേർന്നത് കേറിയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവ്വേകി. അതിലൊരാൾ അച്ചടിജോലിക്കാരനായ വില്യം വാർഡ് ആയിരുന്നു. ഏഴു വർഷങ്ങൾക്കു മുമ്പ് അദ്ദേഹത്തെ കേറി കണ്ടെത്തിയിരുന്നു. അന്ന് അദ്ദേഹത്തോട് പറഞ്ഞിരുന്നു. ഇൻഡ്യയിൽ നിങ്ങളെ ഞങ്ങൾക്കാവശ്യമുണ്ട്, ഞങ്ങൾക്ക് ബൈബിൾ അച്ചടിക്കണം, ഇൻഡ്യയിലേക്ക് വരണം കേറി, ഒരു പഴയനിയമം അച്ചടിക്കുവാനിടയായി. രണ്ടായിരം പ്രതികൾ അവർ അങ്ങനെ ആദ്യം പുറത്തിറക്കി.

ഒരു ബോർഡിംഗ് സ്കൂളും ഇൻഡ്യൻ കുട്ടികൾക്ക് വേണ്ടിയുള്ള ഒരു സ്കൂളും സ്ഥാപിച്ചു. ഒരു സ്കൂൾ അദ്ധ്യാപകനായിരുന്ന ജോഷ്വാ മാർഷ്മാൻ കേറിയുടെ സംഘത്തോട് കൂടിയിരുന്നു. അദ്ദേഹം സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചു. കേറി തന്റെ തർജ്ജമ ജോലികളും പുറത്തുപോയിട്ടുള്ള സുവിശേഷ പ്രസംഗങ്ങളും ചെയ്തുകൊണ്ടിരുന്നു. ആ വർഷത്തിന്റെ അവസാനം ഇൻഡ്യയിൽ നിന്നും ആദ്യം മാനസാന്തരപ്പെട്ട ആളിനെ സ്നാനപ്പെടുത്തി. അത് കേറിക്ക് വളരെ സന്തോഷം ഉളവാക്കിയ കാര്യമായിരുന്നു. കാരണം ഏഴു വർഷങ്ങളുടെ പ്രവർത്തനങ്ങൾക്ക് ശേഷമായിരുന്നു അത്. മാനസാന്തരങ്ങളും സ്നാനങ്ങളും തുടർന്നുകൊണ്ടേയിരുന്നു.

ധാരാളം മിഷനറിമാർ തുടർന്നുള്ള വർഷങ്ങളിൽ മരിച്ചുപോകുവാനിടയായി, എന്നാൽ 23 വർഷക്കാലം വില്യം വാർഡും ജോഷ്വാ മാർഷ്മാൻ ഉം ചേർന്നു അനുഗ്രഹിക്കപ്പെട്ട കൂട്ടായ്മയിൽ വേല തുടർന്നുകൊണ്ടി

(ശേഷം 4–ാംപേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| അംഗീകരിക്കുക | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായി ത്തീർന്നു (റോ.3:23)* |
| പശ്ചാത്തപിക്കുക | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)* |
| ഏറ്റുപറയുക | *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| ഉപേക്ഷിക്കുക | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| ശുദ്ധീകരിപ്പെടുക | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| വിശ്വസിക്കുക | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| സമർപ്പിക്കുക | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| പ്രാപിച്ചെടുക്കുക | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |

(3-ാംപേജിന്റെ തുടർച്ച)

## വില്യം കേറി ഇൻഡ്യയിലേക്കുള്ള മിഷനറി

രുന്നു. അവർ വേദപുസ്തക തർജ്ജിമയിൽ തുടക്കക്കാരായിരുന്നു. അവരുടെ ജോലിയിൽ അപാകതകൾ ഉണ്ട് എന്നവർ മനസ്സിലാക്കിയിരുന്നു. ഈ അപാകതകൾ ഉള്ള തർജ്ജമ ഒന്നും ഇല്ലാതിരിക്കുന്നതിനെക്കാൾ നല്ലതു തന്നെ എന്നവർ അഭിമാനിച്ചു. പുതുക്കിപ്പണികൾ പിന്നാലെ ഉണ്ടാകുമെന്നും അതിന് തങ്ങൾ ഒരു അടിസ്ഥാനമിടുവാൻ കഴിഞ്ഞു എന്നും അവർ അഭിമാനിച്ചു.

പല വടക്കേ ഇൻഡ്യൻ ഭാഷകളുടെയും മൂലഭാഷയായ സംസ്കൃതം പഠിക്കുവാനിടയായി. മറ്റു പല ഭാഷകളും വായിക്കുവാനും തർജ്ജമ ചെയ്യുവാനും ഒരു സംഘം രൂപീകരിച്ചു. 1804 -ൽ ബ്രിട്ടീഷ് ഫോറിൻ ബൈബിൾ സൊസൈറ്റി രൂപീകൃതമായി, കേറിയും സംഘവും അതിലൊരു ഭാഗികമായിരിക്കുവാൻ ബംഗാളി പ്രവർത്തങ്ങളോടുള്ള ബന്ധത്തിൽ വിളിക്കപ്പെട്ടു. ഇത് തർജ്ജമ പ്രവർത്തനങ്ങളിൽ കേറിക്ക് കൂടുതൽ സഹായമായി. ഇൻഡ്യയുടെ പലഭാഗത്തു നിന്നും ഉള്ള യോഗ്യരായ ആളുകളെ കണ്ടെത്തി തർജ്ജം പ്രവർത്തനങ്ങൾക്ക് വിശാലതയേകി.

അച്ചടി വളരെ പതുക്കെയാണ് ഓടിക്കൊണ്ടിരുന്നത്. പ്രത്യേകിച്ച് ഇൻഡ്യൻ ഭാഷകൾക്ക് വളരെ അപര്യാപ്തമായിരുന്നു. അങ്ങനെ പുതിയ ഒരു അച്ചടി യന്ത്രം വാങ്ങുവാൻ കേറി നിർബന്ധിതനായി. അന്നത്തെ ആധുനിക സൗകര്യങ്ങളുള്ള അച്ചടി യന്ത്രം പ്രവർത്തിപ്പാനറിയാകുന്ന ഒരാളെ ദൈവം കൂട്ടിച്ചേർത്തു. അദ്ദേഹത്തിന്റെ കഴിവും അദ്ധ്വാനവും അച്ചടി വേലകൾക്ക് പുത്തൻ ഉണർവേകി.

### തീയിൽ നിന്നും അവസരങ്ങളിലേക്ക്

1812 ആയപ്പോഴെക്ക് 12 ഭാഷകളിലേയ്ക്കുള്ള തർജ്ജമകൾ പൂർത്തിയാക്കിയിരുന്നു. ഒരു ദിവസം വൈകുന്നേരം ഇൻഡ്യൻ ജോലിക്കാർ പോയശേഷം പേപ്പർ ശേഖരിച്ചിരുന്ന മുറിയിൽ ഒരു അഗ്നിബാധയുണ്ടായി. കഠിനമായ പരിശ്രമത്താൽ അതിന്റെ കെടുതികൾ കുറയ്ക്കാൻ കഴിഞ്ഞു എങ്കിലും പല പ്രധാന പേപ്പറുകളും നഷ്ടപ്പെട്ടു. അനേകമണിക്കൂറുകൾ ചെലവഴിച്ചു പെയ്തുണ്ടാക്കിയ പല തർജ്ജമകളും പുസ്തകങ്ങളും നഷ്ടപ്പെട്ടു. അമ്പരന്നുപോയി. എങ്കിലും അധൈര്യപ്പെട്ടില്ല. പുനർസംവിധാനങ്ങൾക്ക് ആളുകൾ ഉത്സാഹിച്ചു പണിതു. ഒരു വർഷത്തിനുശേഷം കേറി പ്രഖ്യാപിച്ചു. കഴിഞ്ഞവർഷങ്ങളേതിനേക്കാളുപരി അച്ചടിയന്ത്രം പുനർസംവിധാനം ചെയ്യപ്പെട്ടു. സംഭവിച്ച നഷ്ടങ്ങൾ കൂടുതൽ ഉത്സാഹത്തോടെ തർജ്ജമ ജോലികൾ വിപുലമാക്കുവാൻ കേറിയ്ക്ക് പ്രചോദനമായി. ആ സംഭവം മിഷനറിമാർ കൂടുതൽ അർപ്പണമനോഭാവത്തോടെ കഠിനാദ്ധ്വാനം ചെയ്യുവാനും കുറവുകൾ പരിഹരിപ്പാനും അധികം സുരക്ഷിതമായ സംവിധാനങ്ങൾ ഉണ്ടാകുവാനും കാരണമായി.

അതിന്റെ ശേഷം കോളേജിൽ ഇൻഡ്യൻ ഗവണർ ജനറലിനാൽ സ്ഥാപിതമായ ഫോർട്ട് വില്യം കോളെജിൽ പ്രഫസറായി. ബംഗ്ലാളിയിലും സംസ്കൃതത്തിലും പാണ്ഡിത്യം നേടിയ കേറി വിളിക്കപ്പെട്ടു. തന്റെ മിഷൻ പ്രവർത്തനങ്ങളോടുള്ള ബന്ധത്തിൽ ഈ നിയമനം ഈസ്റ്റ് ഇൻഡ്യാ ട്രേഡിംഗ് കമ്പനിയുമായുള്ള ബന്ധം കൂടുതൽ പ്രയോജനകരമായി ത്തീർന്നു. ഇൻഡ്യാക്കാരായ ധാരാളം പണ്ഡിതന്മാരുമായി പരിചയപ്പെടുവാനും തന്റെ സാഹിത്യ പ്രവർത്തനങ്ങൾക്കും അത് കൂടുതൽ കരുത്തേകി.

വർഷങ്ങൾ കഴിഞ്ഞപ്പോൾ ശക്തമായ എതിർപ്പുകൾ പല ഭാഗത്തുനിന്നും തന്റെ മിഷൻ പ്രവർത്തനങ്ങൾക്കെതിരെയുണ്ടായി. എന്നാൽ തന്റെ ബുദ്ധിപരമായ ഇടപെടലും ദൈവത്തിന്റെ കരുതലും സഹായമായുണ്ടായിരുന്നു. എതിർപ്പുകളും പ്രശ്നങ്ങളും വേലശക്തിപ്പെടുവാനും തടസങ്ങൽ അവസരങ്ങളായി മാറുവനും കാരണമായി.

മുപ്പതിലധികം ഇൻഡ്യൻ ഭാഷകളിൽ തർജ്ജമയ്ക്കായി കേറിക്ക് അവസരമൊരുങ്ങി. ഇംഗ്ലണ്ടിൽ കേറിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചു ഇങ്ങനെ സംസാരമുണ്ടായി. ഒരു ചെരിപ്പു പണിക്കാർ ഒരു സാധാരണ അച്ചടിജോലിക്കാരൻ, ഒരു സാധാരണ സ്കൂൾ അദ്ധ്യാപകൻ ഇവർക്കെങ്ങനെ ഈ വക കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു. കേറിയുടെ പ്രതികരണം ഇങ്ങനെ പരിശ്രമത്താൽ അത് സംഭവിച്ചു എന്ന് കുറെ ആളുകൾ വിശ്വസിക്കുന്നു. അശ്രാന്ത പരിശ്രമം അവർ ഏറ്റെടുത്ത കാര്യം വിജയമാക്കി.

തർജ്ജമ പ്രവർത്തനങ്ങളോട് ചേർന്ന് സുവിശേഷ പ്രവർത്തനങ്ങളിലും ഉത്സുകരാകുവാൻ മിഷനറിമാർ കൂടുതൽ ശ്രദ്ധിച്ചു. പരസ്യയോഗങ്ങളും ആളാം പ്രതിവേലയും നടത്തി. സുവിശേഷ പ്രതികളും ലഘുലേഖകളും വിതരണം ചെയ്യുവാൻ ധാരാളം സഞ്ചരിച്ചു. അനേകം ഗ്രാമങ്ങളിൽ സ്കൂളുകൾ സ്ഥാപിച്ചു. ആളുകളെ ഒരുക്കി ഇൻഡ്യയിലെ ആളുകളെ ക്രിസ്തുവിങ്കലേയ്ക്ക് നടത്തുക എന്ന ലക്ഷ്യത്തോടെ ഒരു കോളെജ് സ്ഥാപിച്ചു.

### വില്യം കേറിയുടെ മാതൃക

പരിശോധനകൾ, പിന്തിപ്പാൻ പ്രവർത്തികൾ, തോൽവികൾ, ദു:ഖങ്ങൾ എല്ലാം ഇടകലർന്നതായിരുന്നു. കേറിയുടെ ഇൻഡ്യയിലെ ജീവിതം. എന്നാൽ ഇദ്ദേഹത്തെ അറിയുന്നവർ ദൈവത്തിന് നന്ദിപറയും. ഒരു സാധാരണക്കാർന്, ചെരിപ്പുപണിക്കാരൻ, താഴ്ചയുള്ള ഒരു സാധാരണ പ്രസംഗകൻ. എന്നാൽ ലോകത്തെസ്നേഹിക്കുന്ന ദൈവസ്നേഹത്തെക്കുറിച്ചുള്ള ആഴമായ ബോധം തനിക്കുണ്ടായിരുന്നു. ലോകമെമ്പാടും പോയി സുവിശേഷം പ്രസംഗിക്കണം എന്ന മഹാനിയോഗത്തെക്കുറിച്ചുള്ള ഒരു എരിവുണ്ടായിരുന്നു.

താൻ ഉൾപ്പെട്ടു നില്ക്കുന്ന ക്രിസ്തീയ സമൂഹത്തിൽ നിന്നു തന്നെയുള്ള വ്യത്യസ്ത ചിന്തകളും എതിർപ്പുകളും അതിജീവിച്ച് വിശ്വാസവും ചേർന്നുള്ള അശ്രാന്ത പരിശ്രമവും കേറി കൈമുതലാക്കി. ദൈവം തന്റെ ഉള്ളിൽ കൊടുത്ത ദർശനം കത്തിജ്വലിച്ചുകൊണ്ടേയിരുന്നു. അതു മറ്റുള്ളവരിലേക്ക് എത്തുന്നതു വരെ അടങ്ങിയിരിക്കാനും കഴിഞ്ഞില്ല.

ധാരാളമായും വിശ്രമം കൂടാതെയുള്ള ഇന്ഡ്യയിലെ തന്റെ പ്രവർത്തനങ്ങൾ തന്നെ പിന്തുടർന്നു വേല ചെയ്യുന്ന അനേകർക്ക് ഒരു വഴി കാട്ടിയായിത്തീർന്നു. തന്റെ ഓർമ്മയെ ബലപ്പെടുത്തി നിലനിർത്തുന്ന തന്റെ ആപ്തവാക്യമിതാണ്. ദൈവത്തിൽ നിന്നും വൻകാര്യങ്ങൾ പ്രതീക്ഷിക്കുക, ദൈവത്തിന് വേണ്ടി വൻകാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുക.

❖

(1-ാംപേജിന്റെ തുടർച്ച)

**ഇങ്ങനെയുള്ളൊരു കാലത്തിനായിട്ടല്ലോ വിളിക്കപ്പെട്ടിരിക്കുന്നത്**

## വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലുമല്ല

ആദ്യമായി ഇവിടെ നാം വായിക്കുന്നത്, പകൽ സമയത്ത് എന്നപോലെ നാം മര്യാദയായി നടക്ക; വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലുമല്ല.... ഇത് ശരീരത്തിൽ നാം ചെയ്യുന്ന പാപങ്ങളാണ്. വെറിക്കൂത്തുകൾ. അതിന്റെ അർത്ഥം ഇങ്ങനെയാണ്. പ്രാകൃതന്മാരായിത്തീരുകയാണ്, കുടിച്ച് മദ്യപിക്കുകയാണ്, മര്യാദവിട്ടു നടക്കുന്നു. നിയമങ്ങൾക്കും ചട്ടങ്ങൾ ക്കും വിരുദ്ധമായുള്ള ജീവിതം. തങ്ങൾക്ക് ഇഷ്ടമുള്ളത് അവർ ചെയ്യുന്നു. ആളുകതളെ ഉപദ്രവിക്കുന്നു. തങ്ങൾക്ക് തോന്നിയതുപോലെ ഒക്കെയും അവർ ചെയ്യുന്നു. നശീകരണപ്രവണതയാണ് അവരുടെ ജീവിതത്തെ നിയമവും മര്യാദയും വിട്ട് കൂത്താടുന്നു. ഈ ലോകത്തിൽ ജീവിക്കുമ്പോൾ ഇങ്ങനെയൊക്കെ വേണ്ടേ എന്നവർ ചിന്തിക്കുന്നു.

## ശയനമോഹങ്ങളിലും ദുഷ്കാമങ്ങളിലുമല്ല

വേദപുസ്തകത്തിൽ ലൈംഗിക പാപങ്ങളുടെ ഒരു പട്ടിക തന്നെ പറയുന്നുണ്ട്. ശയനമോഹങ്ങളിലും ദുഷ്കാമങ്ങളിലുമല്ല. ശയനമോഹങ്ങൾ എന്നുവച്ചാൽ, കാമാതുരമായ സ്വഭാവം, മര്യാദയില്ലാത്ത ജീവിതം, മോഹം, തന്നിഷ്ടം, അജിതേന്ദ്രിയത്വം എന്നൊക്കെയാണ്. രണ്ടായിരം വർഷങ്ങൾ ക്കുമുമ്പുള്ള റോമിനെക്കുറിച്ച് സംസാരിക്കുന്നു, എന്നാൽ ജീവിക്കുന്ന സ്വന്തം രാജ്യത്തെയോ പശ്ചാത്തലത്തെകുറിച്ചു സംസാരിക്കന്നില്ല. റോമാസാമ്രാജ്യത്തെ സംബന്ധിച്ച് ഒരു ചെറുവിരൽ അനക്കുവാൻ കഴിയുന്നില്ല. നമ്മുടെ സമൂഹം ശരിയല്ല, എന്ന് പറയുന്നു. നാം നമ്മുടെ പ്രവൃത്തി നന്നാക്കേണ്ടതാണാവശ്യം. ദുഷ്കാമം എന്ന് പറഞ്ഞാലും മേൽ പറഞ്ഞ അതേ അർത്ഥങ്ങൾ തന്നെയാണ് ഗ്രീക്ക് പദ പ്രയോഗങ്ങളിൽ ഏറ്റവും മോശമായ പദമാണത്. അവരുടെ ലജ്ജയിൽ അവർ അഭിമാനിക്കുന്നു. അശ്ലീല സ്വഭാവങ്ങളിൽ രസിക്കുന്നു. നാം വസിക്കുന്ന ലോകം മലിനപ്പെട്ടിരിക്കുന്നു.

## പിണക്കത്തിലും അസൂയയിലുമല്ല.

അടുത്തതായി ചിലരുടെ സ്വഭാവം സംബന്ധിച്ച പാപങ്ങളെക്കുറിച്ചാണ് പറയുന്നത്. പിണക്കത്തിലും അസൂയയിലുമല്ല... പിണക്കം എന്നു പറഞ്ഞാൽ കോപം നിറഞ്ഞ ജീവിതം, മത്സരം, എന്തിനും തർക്കം, ആവശ്യമില്ലാതെ ഇടപെടുക എന്നൊക്കെയാണ്. വിശ്വാസികളുടെയിടയിൽ പോലും അങ്ങനെയുണ്ട് എന്നത് വളരെ ദു:ഖകരം തന്നെയാണ്. അങ്ങനെ ആയിരിക്കാൻ പാടില്ല. കർത്താവായ യേശുക്രിസ്തുവിന്റെ സ്നേഹത്താൽ നിറഞ്ഞ് അവിടുത്തെ സ്വഭാവമുള്ളവരായി ആവശ്യമില്ലാത്ത സ്വഭാവങ്ങളെ വിട്ട് കർത്താവായ യേശുക്രിസ്തുവിനെ ജീവിതത്തിൽ ഉയർത്തേണ്ടതാണ്.

അടുത്തതായി പൗലൊസ് സംസാരിക്കുന്നത് അസൂയയെക്കുറിച്ചാണ്. അസൂയ, അഹങ്കാരം, എന്നൊക്കെയുള്ള പദങ്ങൾ സ്വഭാവത്തെ കാണിക്കുന്നവയാണ്. എത്ര വിനാശകരവും മരണകരവുമായ പാപമാണ് അസൂയ. സർവ്വനാശം വിതയ്ക്കുന്ന ഈ പാപം എങ്ങനെയാണ് സഭകളിൽ കയറിപ്പറ്റുന്നത്. വിശ്വാസികളെപ്പോലും കടന്നുപിടിക്കുന്ന മാരകമായ പാപം, അതാണ് അസൂയ.

പൗലൊസ് സമൂഹത്തെക്കുറിച്ചു ഇവിടെ സംസാരിക്കുന്നുണ്ട്, ദുഷ്ടതയിൽ മദിച്ചു രസിക്കുന്ന ഒരു സമൂഹം. അത് അപകടകരമായ സമയങ്ങളായിരുന്നു. അതു ചെലവു ദുരന്ത ദിവസങ്ങളായിരുന്നു. ചിലത് സംഭവിക്കാമായിരുന്നു. എന്നാൽ ദൈവത്തിന്റെ കരുതൽ അതിനൊപ്പമുണ്ടായിരുന്നു. ശൈശവ അവസ്ഥയിലെ ഒരു സഭ. നാശകരമായ ഈ സമൂഹത്തിൽ ദൈവത്താൽ പരിപാലിക്കപ്പെടുന്ന സ്വർഗ്ഗത്തിലെ ദൈവത്തിന്റെ ഭൂമിയിലെ സഭ. ഈ സഭയ്ക്ക് പൗലൊസ് ലേഖനം എഴുതുമ്പോൾ പ്രവർത്തിക്കുവാൻ അവരെ ആഹ്വാനം ചെയ്യുന്നു. അഞ്ചുവിധ പദ്ധതികളെ പൗലൊസ് അവർക്ക് കൊടുക്കുന്നു. ഈ കാലഘട്ടത്തിൽ ഈ ദുരന്ത കാലത്ത് എഴുന്നേറ്റ് പ്രവർത്തിക്കുവാൻ പാസ്റ്റർമാരെ സഭകളെ വിശ്വാസികളെ അഞ്ചുവിധ വിളിയാൽ പൗലൊസ് വിളിക്കുന്നു.

## ഉറക്കത്തിൽ നിന്നും ഉണരുക

നമ്മോടുള്ള ഒന്നാമത്തെ വിളി ഉറക്കത്തിൽ നിന്നും ഉണരുക എന്നാണ്. 11-ാം വാക്യം പറയുന്നത് “ ഇത് ചെയ്യേണ്ടത് ഉറക്കത്തിൽ നിന്നും ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയംത്തെ അറികയാൽ തന്നെ ” ... ഈ കാലഘട്ടത്തിന്റെ ആവശ്യം, അവസ്ഥയെ നാം വിളിച്ചു പറയണം. സമയം അതിക്രമിച്ചിരിക്കുന്നു. നാം ഉണരാനുള്ള സമയമാണിത്. നാം നിസാരമായ കാര്യങ്ങളെ വിട്ടുകളഞ്ഞിട്ട്, ഗൗരവമായ കാര്യങ്ങളെ ഏറ്റെടുത്ത് ഈ ലോകത്തിന്റെ രക്ഷയ്ക്കായി ഇന്നും ജീവിച്ച് പ്രവർത്തിക്കുന്ന കർത്താവിന്റെ പദ്ധതിയിൽ പങ്കുചേർന്നു; ലോകത്തിന്റെ ഉപ്പായിട്ട് ലോകത്തിന്റെ വെളിച്ചമായിട്ട്, ഈ നശ്വരമായ ലോകതത് ദൈവഹിതം നിർവ്വഹിക്കാൻ നമുക്ക് നമ്മെത്തന്നെ ഏല്പിക്കാം.

വിശ്വാസികളായ പ്രിയ സ്നേഹിതരേ, നാം ജീവിക്കുന്ന ഈ കാലഘട്ടത്തിന്റെ ആവശ്യം മനസിലാക്കി അതിനെ നമ്മുടെ അവസരമാക്കി വിനിയോഗിക്കേണ്ടതാണ്! അതിനായി നാം വിളിക്കപ്പെട്ടിരിക്കുന്നു, നമ്മുടെ ദൈവം മതിയായവൻ. ഈ കാലഘട്ടത്തിൽ നമ്മെക്കുറിച്ചുള്ള ദൈവഹിതം മനസിലാക്കി, റോമിലെ സഭയുടെ ശൈശവാസ്ഥയിൽ പകരപ്പെട്ട അതേ ശക്തിയാൽ നിറഞ്ഞ്, ഇന്നത്തെ തലമുറയോട് അവരുടെ അവസ്ഥയെ ബോദ്ധ്യപ്പെടുത്തി ദൈവവചനം അവർക്കു പറഞ്ഞു കൊടുക്കുവാൻ ദൈവത്തിന്റെ പദ്ധതിയിൽ പങ്കുകാരായിത്തീരാം.

## ഇരുട്ടിന്റെ പ്രവൃത്തികളെ വച്ചുകളക

രണ്ടാമത്തെ വിളി ഇരുട്ടിന്റെ പ്രവൃത്തികളെ വച്ചുകളക എന്നാണ്. രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു; അതുകൊണ്ട് നാം ഇരുട്ടിന്റെ പ്രവർത്തികളെ വച്ചുകളഞ്ഞു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക. വെച്ചുകളക എന്നതിന് പുറന്തള്ളുക, പറത്തിക്കളക, എറിഞ്ഞുകളക എന്നൊക്കെയാണർത്ഥം. ചിലതിനെ തള്ളിക്കളയുന്നതിനെക്കുറിക്കുന്നു.

ഇതേ അടിസ്ഥാന ആശയമാണ് എബ്രായലേഖനത്തിലും കാണുന്നത്. “ ആകയാൽ നാമും സാക്ഷികളുടെ ഇത്രവലിയൊരു സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതുകൊണ്ട് സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്കു മുമ്പിൽ വച്ചി

( ശേഷം 6-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

**ഇങ്ങനെയുള്ളൊരു കാലത്തിനായിട്ടല്ലോ വിളിക്കപ്പെട്ടിരിക്കുന്നത്**

രിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക" (എബ്രാ. 12:1). വിടുക എന്നാൽ കളയുക എന്നാണർത്ഥം. ഇത് കാണിക്കുന്നത് ഒരു ഓട്ടക്കാരൻ തന്റെ ഓട്ടത്തിന് തടസം വരാത്ത വസ്ത്രധാരണവും ഒരുക്കവുമാണ് ചെയ്യേണ്ടത് എന്ന ആശയമാണ് ഇവിടെ കാണുന്നത്.

അപ്പോസ്തലൻ പറയുന്ന്, നിങ്ങൾ ഓട്ടക്കളത്തിൽ ആയിരിക്കുന്നു എന്നതാണ്. ദൈവരാജ്യത്തിന്റെ നിർണ്ണായകമായ ഓട്ടമാണിത്. നിങ്ങൾക്ക് ഓടുവാനുള്ള സമയവുമാണിത്. ഓടുന്നതിന് തടസമായിരിക്കുന്നതെന്തൊക്കെയാണോ, അതെല്ലാം വിട്ടുകളയേണ്ടതാണ്. ഓടി ജയിക്കുന്നതിന് യോഗ്യമായ വസ്ത്രം ധരിച്ച് ഓട്ടം തികയ്ക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

അത്തരത്തിലുള്ള ഒരു വിളി നിങ്ങൾ ആഗ്രഹിക്കുന്നുവോ? നമ്മത്തെന്നെ വെറുക്കുവാനുള്ള ഒരു വിളിയാണിത്. നാം വിട്ടുകളയുന്ന കാര്യങ്ങൾ ഒരു പക്ഷേ തെറ്റായ കാര്യങ്ങൾ ആയിരിക്കണമെന്നില്ല. പക്ഷേ അത് ഭാരം കൂടിയിട്ട് ഓട്ടത്തിന് തടസമായേയ്ക്കും. മറ്റുള്ളവർ നമുക്ക് കൊള്ളരുതാത്തവരായതുകൊണ്ടല്ല ചിലരെ നാം വിട്ടു പിരിയേണ്ടിവരുന്നത്, പക്ഷേ അവർ നമ്മുടെ ഓട്ടത്തിന് തടസമായേക്കാം, നമ്മുടെ ജീവിതത്തിന് അവർ ഭാരമായേക്കാം. അവർ നമ്മെ പിന്തിരിപ്പിക്കുന്നു എങ്കിൽ, കർത്താവായ യേശുക്രിസ്തു നിമിത്തം നാം അവരെ വിട്ടു പോരേണ്ടതാണ്. അവിടുന്നു നമ്മെ വിളിക്കുന്നത് വേറിട്ട് സമർപ്പണമുള്ള ഒരു ശിഷ്യത്വത്തിന് വേണ്ടിയാണ്.

ക്രിസ്തുവിന്റെ പടയാളികൾ ചിലത് വർജ്ജിക്കേണ്ടതുണ്ട്. യേശുക്രിസ്തുവിന്റെ നല്ല പടയാളികളായിരിപ്പാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. യേശുക്രിസ്തുവിന്റെ ഒരു നല്ല പടയാളി എന്ന നിലയിൽ ചില പ്രയാസങ്ങൾ നാം സഹിക്കേണ്ടതുണ്ട്. ഒരു പടയാളിയുടെ ദൗത്യം എന്നത് യുദ്ധം ചെയ്യുകയും അതിന് യോഗ്യനായിരിക്കയും ചെയ്യുക എന്നതാണ്. ക്രൂശിന്റെ പടയാളി എന്ന നിലയിൽ നമ്മുടെ വിളിയെ നാം ഗൗരവമായി എടുക്കേണ്ടതാണ്. ദൈവം ആക്കിയിരിക്കുന്ന സ്ഥാനത്ത് നമ്മെ ഉപയോഗിച്ച് തന്റെ നാമത്തെ അവിടുന്ന് മഹത്വപ്പെടുത്തും. മറ്റുള്ളവരുടെ നിസാരകാര്യങ്ങളുമായി നമ്മെ താരതമ്യം ചെയ്യരുത്, അവർ ഒരു പക്ഷേ തെറ്റായ ആളുകളായിരിക്കയില്ല, പക്ഷേ നിങ്ങളുടെ ദൗത്യത്തെ തടസ്സപ്പെടുത്തും. അവരെ വിട്ടുകളഞ്ഞ് കർത്താവായ യേശുക്രിസ്തുവിലെ സ്വാതന്ത്ര്യത്തെ അറിയുക.

കൊലൊസ്യർ 3:5-ൽ ഇതേ ആശയം കാണാം. അവിടെ കാണുന്നത്, "ജഡത്തിന്റെ ഇഷ്ടത്തെ മരിപ്പിക്കുക, അഥവാ വിട്ടുകളക" എന്നാണ്. നമുക്ക് ആ ഉത്തരവാദിത്വമുണ്ട്. ചിലതിനെ നാം വിട്ടുകളയുമ്പോൾ തന്നെ ചിലതിനെ എടുക്കേണ്ടായും ഉണ്ട്. രണ്ടും പ്രധാനമാണ്.

## ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കുക.

" ഇരുട്ടിന്റെ പ്രവർത്തികളെ വിട്ടുകളഞ്ഞ് വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക ".

എന്താണ് വിശ്വാസിയുടെ ആയുധവർഗ്ഗം? എഫേസ്യർ 6-ാം അദ്ധ്യായത്തിൽ അത് കാണാം. " നിങ്ങളുടെ അരയ്ക്ക് സത്യം കെട്ടിയും, നീതി എന്ന കവചം ധരിച്ചും സമാധാന സുവിശേഷത്തിനായുള്ള നുകം കാലിനു ചെരുപ്പാക്കിയും എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളെ കെടുപ്പാൻ തക്കവിശ്വാസം എന്ന പരിച എടുത്തും കൊണ്ടും നില്പിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ ".

ഇവിടെ നാം ശ്രദ്ധിച്ചാൽ, ഇവിടെ പറഞ്ഞിരിക്കുന്ന പട്ടികയിൽ രാത്രിയിൽ ഉപയോഗിക്കേണ്ടതാണ്, വേഷമോ, സന്ധ്യയ്ക്കുള്ള വേഷമോ, ഒരു സ്പോർട്സോ അല്ലെങ്കിൽ ചില പഠനോപകരണങ്ങളോ ഒന്നും എടുത്തുകൊള്ളുവാൻ പറയുന്നില്ല. ഇതു പറയുന്നത്, ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചു കൊൾക എന്നാണ്. ഒരു പടയാളിയായിരിക്കുക എന്നാണ്. ഇത് ഒരു യാത്രയ്ക്കുവേണ്ടിയുള്ള വിളിയാണ് എന്നു തിരിച്ചറിയുക. വാഴ്ത്തപ്പെട്ട കർത്താവ് തന്നിരിക്കുന്ന ആയുധങ്ങൾ ധരിച്ച് നല്ല യുദ്ധ സേവ ചെയ്ക എന്നതാണ് വിളി. നമ്മുടെ വിളി മുഴങ്കാലിൽ നിൽക്കുവാനാണ്, പ്രാർത്ഥിക്കുവാനാണ്, ദൈവമുഖം അന്വേഷിക്കുവാനാണ്, അവിടുത്തെ കാത്തിരിക്കുവാനാണ്, അവിടുത്തെ വചനം പഠിക്കുവനാണ്; നാം വസിക്കുന്ന ഈ കാലഘട്ടത്തിലെ ദുരന്തങ്ങളെ നേരിടുവാൻ പരിശുദ്ധാത്മാവ് പ്രാപിച്ചവരായ നാം ഒരുങ്ങിയിരിക്കേണ്ടതാണ്.

തീർച്ചയായും കർത്താവിൽ നിന്നും ശക്തി പ്രാപിച്ചു, അവിടുത്തെ ആയുധങ്ങൾ ധരിച്ച് പടക്കളത്തിൽ മുന്നിരയിൽ നില്ക്കേണ്ടതാണ്. നമുക്കു മുന്നിൽ മൂന്ന് ശത്രുക്കളാണുള്ളത്. ലോകം, ജഡം, പിശാച്, പൗലൊസ് നല്ലപോർ പോരുതു, വിശ്വാസം കാത്തു.

മര്യാദയായി നടക്ക

ഇവിടെ മര്യാദയായി നടക്കാനുള്ള ഒരു വിളിയാണ്. "പകൽ സമയത്ത് എന്നപോലെ മര്യാദയായി നടക്ക. വെറിക്കൂത്തികളിലും, മദ്യാപാനങ്ങളിലുമല്ല, ശയനമോഹങ്ങളിലും ദുഷ്കാമങ്ങളിലുമല്ല, പിണക്കത്തിലും അസൂയയിലുമല്ല". നടപ്പ് എന്നതു വിശ്വാസിയുടെ മുഴു ജീവിതത്തെയുമാണ് കാണിക്കുന്നത്. അതിന്റെ അർത്ഥം, അത് നമ്മുടെ ലക്ഷ്യമായിരിക്കണം. ശരിയായി നടക്കണം, സ്ഥിരമായിനടക്കണം, നമ്മുടെ സംസാരം പോലെ ആയിരിക്കണം ജീവിതവും. വാക്കുകൾ മാത്രമല്ല, അത് നമ്മുടെ പ്രവർത്തികളിലും ഉണ്ടായിരിക്കണം. എഫേസ്യലേഖനത്തിൽ അഞ്ചു വിധ നടക്കകളെ കാണാം. " വിളിക്ക് യോഗ്യമായി നടക്കണം" (എഫെ. 4:10. 2) " ജാതികളെപ്പോലെ നടക്കരുത് " (4:7). 3) "സ്നേഹത്തിൽ നടക്കണം". (5:2) 4) വെളിച്ചത്തിന്റെ മക്കളായി നടക്കണം (5:8) 5) "ആകയാൽ സൂക്ഷ്മത്തോടെ അജ്ഞാനികളായിട്ടല്ല ജ്ഞാനികളായി തന്നെ നടക്കുവിൻ" (5:15).

## ക്രിസ്തുവിനെ ധരിക്കുക

ഒടുവിലായി ക്രിസ്തുവിനെ ധരിക്കുവാനായുള്ള വിളി. കർത്താവായയേശുക്രിസ്തുവിനെ ധരിച്ചുകൊൾവിൻ, " മോഹങ്ങൾ ജനിക്കുമാറു ജഡത്തിനായി ചിന്തിക്കരുത് " (റോമ. 13:14). നമ്മുടെ ജീവിതത്തിൽ ധരിക്കുവാനായി ചില കാര്യങ്ങൾ പറഞ്ഞിരിക്കുമ്പോൾ തന്നെ ചില കാര്യങ്ങൾ വിട്ടുകളയേണ്ടതായിട്ടും ഉണ്ട്. കർത്താവായ യേശുക്രിസ്തുവിനെ ധരിച്ചുകൊൾവിൻ. ക്രിസ്തുവിൽ മറഞ്ഞിരിപ്പിൻ കർത്താവായ യേശുക്രിസ്തുവിന്റെ

(ശേഷം 8-ാം പേജിൽ)

# ആത്മാവ് നമ്മിൽ

By. Horatius Bonar

ക്രിസ്തുവിൽ ദൈവത്തിന്റെ എല്ലാ നിറവുകളും ദേഹരൂപമായി വസിക്കുന്നു. നമുക്കുവേണ്ടിയുള്ള പരിശുദ്ധാത്മ് തന്റെ പക്കലുണ്ട്. പരിശുദ്ധാത്മാവിനെ അവിടുന്ന് സൗജന്യമായും ധാരാളമായും തരുന്നു. നമുക്ക് ലഭിച്ചിരിക്കുന്ന ആത്മാവ്, " നമ്മിൽ ഓരോരുത്തന് ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിന് ഒത്തവണ്ണം കൃപ ലഭിച്ചിരിക്കുന്നു" (എഫെ. 4:7). ആദിമവിശുദ്ധന്മാർ എല്ലാവരും, സന്തോഷവും പരിശുദ്ധാത്മാവും നിറഞ്ഞവർ ആയിരുന്നു (അ.പ്ര. 13:52). " നാം പരിശുദ്ധാത്മാവ് നിറഞ്ഞവരായിരിപ്പിൻ " (എഫെ. 5:18).

" ആത്മാവ് നമ്മുടെമേൽ വരുന്നു (അ.പ്ര.8:16; 11:15); പരിശുദ്ധാത്മാവിനെ പകർന്നു തരുന്നു (അ.പ്ര. 2:33); നാം പരിശുദ്ധാത്മാവിനാൽ സ്നാനപ്പെട്ടിരിക്കുന്നു" അ.പ്ര. 11:16.

പരിശുദ്ധാത്മാവ് നമ്മുടെ അവകാശത്തിന്റെ അച്ചാരമാണ്; എഫെ. 14; ആത്മാവ് നമ്മെ മുദ്രയിടുന്നു എഫെ. 1:14; തന്റെ രൂപത്തോടു നമ്മെ അനുരൂപപ്പെടുത്തുന്നു; ആത്മാവ് നമ്മെ പഠിപ്പിക്കുന്നു; (1കൊരി. 2:13)അവിടുന്ന് വെളിപ്പെടുത്തുന്നു; (1കൊരി. 2:10); പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യാവിധിയെക്കുറിച്ചും ബോധം വരുത്തുന്നു; (യോഹ. 6:8), ശക്തീകരിക്കുന്നു; (എഫെ. 3:16). നമ്മെ ഫലമുള്ളവരാക്കിത്തീർക്കുന്നു ;(ഗലാ. 5:22). നമ്മെ പരിശോധിക്കുന്നു (1കൊരി. 2:10), ആത്മാവ് വാദിക്കുന്നു (ഉല്പ. 6:3). ശുദ്ധീകരിക്കുന്നു 1കൊരി. 6:11), നമ്മെ നയിക്കുന്നു (റോമർ8 :14, സങ്കീ. 143: 10), പഠിപ്പിക്കുന്നു ( മീഖാ. 9:20), അവിടുന്ന് സംസാരിക്കുന്നു (1തിമൊ. 4:1, വെളി. 3:7) അവിടുന്ന് പ്രദർശിപ്പിക്കുന്നു (1കൊരി. 2:4), മദ്ധ്യസ്ഥത ചെയ്യുന്നു (റോമ.8:26), നമ്മെ ബദ്ധപ്പെടുത്തുന്നു.(റോമ. 8:11), ഉച്ചരിക്കുവാൻ നൽകുന്നു (അ.പ്ര. 24), സൃഷ്ടിക്കുന്നു (സങ്കീ. 104:30), ആശ്വസിപ്പിക്കുന്നു (യോഹ. 14:26), നമ്മുടെ ഹൃദയങ്ങളിൽ ദൈവസ്നേഹം പകർന്നു തരുന്നു (റോ. 5:5), പുതുക്കുന്നു (തിമൊ. 3:5).

അവിടുന്ന് വിശുദ്ധിയുടെ ആത്മാവാണ്; ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും ആത്മാവ് (യെശ. 11:2, എഫെ. 1:17 ) സത്യത്തിന്റെ ആത്മാവ് (യോഹ. 14:17); കൃപയുടെ ആത്മാവ് (എബ്രാ. 10:29); മഹത്വത്തിന്റെ ആത്മാവ് (1പത്രൊ. 4:14); നമ്മുടെ ദൈവത്തിന്റെ ആത്മാവ് (2കൊരി. 3:3); നല്ല ആത്മാവ് (നെഹെ. 9:10) ക്രിസ്തുവിന്റെ ആത്മാവ് (1പത്രൊ. 1:11), പുത്രത്വത്തിന്റെ ആത്മാവ് (റോമ. 8:15), ജീവന്റെ ആത്മാവ് (വെളി. 11:11); പുത്രത്വത്തിന്റെ ആത്മാവ് (ഗലാ . 4:6)

ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു (1തെസ്സ. 2:13). നിത്യാത്മാവിനാൽ ദൈവത്തിന് തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം (എബ്രാ. 9:14). പരിശുദ്ധാത്മാവിനാൽ നാം വീണ്ടെടുപ്പ് നാളിനായി മുദ്രയിടപ്പെട്ടിരിക്കുന്നു. (എഫെ. 4:30). തന്റെ സ്വഭാവത്തോട് നമ്മെ ഏകീഭവിപ്പിക്കുന്നു (എഫെ. 2:22). നമ്മിൽ വസിക്കുന്നു (2തിമൊ. 1:14); പ്രത്യാശയിൽ സമൃദ്ധിയുള്ളവരാക്കുന്നു (വെളി. 15:13). ഈ സ്വർഗ്ഗീയ അതിഥിയെ ജീവിതത്തിലേയ്ക്ക് ക്ഷണിച്ചു സന്തോഷിപ്പിക്കുന്നതിനാൽ വിജയകരമായി വിശുദ്ധജീവിതം സാദ്ധ്യമാകുന്നു. പരിശുദ്ധാത്മാവിനെ ജീവിതത്തിലേക്ക് സ്വാഗതം ചെയ്യാം. ആത്മാവിനെ അസഹ്യപ്പെടുത്തരുത്. എതിർത്തു നില്ക്കരുത്, ദു:ഖിപ്പിക്കരുത്, കെടുക്കരുത്, എന്നാൽ ആത്മാവിനെ സ്നേഹിക്കയും അതിൽ സന്തോഷിക്കയും ചെയ്വിൻ (സ്നേഹത്തിന്റെ ആത്മാവ് (റോ. 15:30). നമ്മുടെ ജീവിതം ആത്മാവിൽ ജീവിക്കേണ്ടതിന് (ഗലാ. 5:25)ആത്മാവിൽ നടക്കണം (ഗലാ. 5:16), ആത്മാവിൽ പ്രാർത്ഥിക്കണം (യൂദാ. 20). ക്രിസ്തു തന്റെ ആത്മാവിനാൽ തന്റെ പ്രവർ ത്തി നമ്മിൽ ചെയ്യുമ്പോൾ എതിർത്തു നില്ക്കാതെ തന്റെ പ്രവർത്തിക്കായി നമ്മെ ഏല്പിച്ചുകൊടുക്കേണ്ടതാണ്. എല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ; (എബ്രാ. 12:14). നമ്മുടെ ഹൃദയങ്ങളെ ആത്മാവിന്റെ കൂട്ടായ്മയിൽ കാക്കണം. (ഫിലി. 2:1); പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയിൽ സന്തോഷിക്കണം (2കൊരി. 13:14).

ക്രിസ്തു നമ്മിലും നാം ക്രിസ്തുവിലും എന്ന കൂട്ടായ്മ ഇരട്ടിപ്പങ്ക് ശക്തിയെ ഉളവാക്കുന്നു. ക്രിസ്തു നമ്മിൽ (കൊലൊ. 1:27, ഗലാ. 2:20). പരിശുദ്ധാത്മാവ് നമ്മിൽ (റോമ. 8:9) എന്നത് ഒരു ചിന്ത; നാം ആത്മാവിൽ ജീവിക്കുന്നു (ഗലാ. 5:25). എന്നത് മറുവശം ഈ രണ്ട് വിധത്തിലുള്ള കൂട്ടായ്മയും താഴെകൊടുത്തിരിക്കുന്ന വാക്യത്തിൽ കാണുന്നു. യേശു ദൈവപുത്രൻ എന്ന് സ്വീകരിക്കുന്നവരിൽ ദൈവവും അവനിൽ ദൈവവും വസിക്കുന്നു. (1യോഹ. 4:15).

ആ ദൃഢമായ ബന്ധം ദൈവത്തോടുള്ള സാമീപ്യത്തെ വ്യക്തമാക്കുന്നു, ആ ബന്ധത്തിൽ നാമും ദൈവവും ഒന്നായിരിക്കുന്നു, ദൈവപുത്രന്റെ ആളത്വത്തിന്റെയും പ്രവർത്തിയുടെയും സാക്ഷ്യം നാം സ്വീകരിച്ചിരിക്കുന്നു. അങ്ങനെയെങ്കിൽ എന്തുകൊണ്ട് ആ വിശുദ്ധ ജീവിതത്തിന് നമ്മെതന്നെ സമർപ്പിച്ചുകൂടാ. ആ ദൈവശക്തിയുടെ നിറവിനെ മറ്റുള്ളവരിലേക്ക് പകർന്നുകൊടുക്കുന്ന ജീവിതം എത്ര ശ്രേഷ്ഠമേറിയത്. നിങ്ങൾ എത്ര വിശുദ്ധജീവനും ഭക്തിയുമുള്ളവരായിരിക്കണം (2 പത്രൊ. 3:12).

ഞങ്ങൾക്കു ലഭിച്ച പ്രമാണങ്ങൾക്ക് തക്കവണ്ണം കർത്താവിന്റെ വരവിലും തന്റെ രാജ്യത്തിലും മഹത്വത്തിലും പ്രത്യാശവച്ച് ആ പ്രമാണത്തെ കേന്ദ്രീകരിച്ച് ഞങ്ങൽ ജീവിക്കുന്നത് ഞങ്ങൾക്കുള്ള ഭാവി പ്രത്യാശയെ ഓർത്ത് കൊണ്ടാണ്, രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും (1പത്രൊ. 2:9). സൽപ്രവർത്തികൾക്ക് ശുഷ്കാന്തിയുള്ളോരു സ്വന്തജനമായി (1തിമൊ. 2:14).തേജസും മാനവും അന്വേഷിക്കുന്നവർക്കു നിത്യജീവനും (റോമർ 2:7).

❖

( 6-ാം പേജിന്റെ തുടർച്ച)

**ഇങ്ങനെയുള്ളൊരു കാലത്തിനായിട്ടല്ലോ വിളിക്കപ്പെട്ടിരിക്കുന്നത്**

വ്യക്തിത്വത്താൽ നിങ്ങളെത്തന്നെ അലങ്കരിപ്പിൻ, ക്രൂശിക്കപ്പെട്ട ജീവനെ സംബന്ധിച്ചു അറിവുള്ള വരായിരിക്ക, കർത്താവായ യേശുവിന്റെ കൃപയുടെ മഹത്വത്തിന്റെ പുകഴ്ചയ്ക്കായി കർത്താവിനും അവിടുത്തെ പരിശുദ്ധാത്മാവിനും സമർപ്പിക്കപ്പെട്ട ജീവിതത്തെക്കുറിച്ച് അറിയുക.

ക്രൂശിക്കപ്പെട്ട ജീവനെ സംബന്ധിച്ച നാം അധികമാരും ഈ നാളുകളിൽ കേട്ടിട്ടുണ്ടാവില്ല, എന്താണതിന്റെ അർത്ഥം. “ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു, ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നു”. (ഗലാ. 2:8). ഒരു മനുഷ്യൻ ക്രൂശിക്കപ്പെടുമ്പോൾ അവൻ ചുറ്റും നോക്കുകയില്ല, അദ്ദേഹത്തിന്റെ മുഖം ഒരേ ദിശയിൽ ആയിരിക്കും. അദ്ദേഹം ഒരു ദിശയിൽ മാത്രം തിരിഞ്ഞിരിക്കും. ദൈവത്താൽ വിളിക്കപ്പെട്ടവൻ അവിടുത്തെ ഇഷ്ടം ചെയ്യുവാൻ കാത്തിരിക്കും. അവൻ സമർപ്പിക്കപ്പെട്ടവനാണ്. അവൻ അതിനായി ഏല്പിക്കപ്പെട്ടവനാണ്. അവന് സ്വന്തമായ ഒരു പദ്ധതിയില്ല. താൻ ചെയ്യാനുള്ളത് തന്റെ ഇഷ്ടത്തിന് ചെയ്കയില്ല. ദൈവം തന്റെ ഇഷ്ടം ചെയ്യുവാൻ അവനെ അനുഗ്രഹിക്കും. ആ അധികാരത്തെ അവൻ സമർപ്പിക്കപ്പെട്ടിരിക്കുന്നുവല്ലോ. ക്രൂശിക്കപ്പെട്ട ജീവിതത്തെ സംബന്ധിച്ചും ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്ന കർത്താവിനെക്കുറിച്ചും നാം അറിവുള്ളവരായിരിക്കേണം.

ഈ കാലം ഒരു ദുഷ്ക്കാലമാണ്. സമ്മർദ്ദങ്ങളുടെ കാലമാണ്. “ നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ അടുത്തിരിക്കുന്നു ”. അപ്പോസ്തലനായ പൗലൊസ് അതു പറഞ്ഞപ്പോൾ കർത്താവായ യേശുവിന്റെ വരവു അടുത്തു എന്ന് അവർ വിശ്വസിച്ചു. മറ്റുള്ളവർ ചിന്തിച്ചത്, പീഢകൾ നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ കർത്താവു വരികയും കർത്താവിന്റെ നാമം ധരിച്ചിരിക്കുന്നവരൊക്കെയും മേഘത്തിൽ എടുത്തുകൊള്ളപ്പെടുകയും ചെയ്യും എന്നാണ്.

പ്രിയ സഹോദരന്മാരേ ആരറിയുന്നു അടുത്തെന്താണെന്ന്? സമൂഹത്തിലേക്ക് നോക്കുമ്പോൾ എന്താണ് സംഭവിക്കാൻ പോകുന്നു എന്ന് നാം അറിയുന്നു., ഇത് ദുഷ്കാലമാണ്. വിശ്വാസികൾ യേശുവിനെ വിളിച്ചറിയിക്കേണ്ടതായ സമയമാണ്. ഉറക്കത്തിൽ നിന്നും ഉണരുക! ഇരുട്ടിന്റെ പ്രവർത്തികളെ വച്ചുകളക. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കുക. മര്യാദയായി നടക്ക! ക്രിസ്തുവിനെ ധരിക്കുക! ദൈവം നമ്മെ സഹായിക്കട്ടെ. ❖

( 2-ാം പേജിന്റെ തുടർച്ച)

**ഈ ദുഷ്കാലത്തിന് ദൈവത്തിന്റെ പരിഹാരം**

മാനസാന്തരപ്പെട്ട് ദൈവരാജ്യത്തോട് ചേരുന്നു.

പ്രസവവേദനയിൽ കുഞ്ഞുങ്ങൾ ലോകത്തിലേയ്ക്ക് ജനിക്കുന്നു. ആത്മാക്കൾക്കു വേണ്ടിയുള്ള പ്രസവവേദനയിൽ ആളുകൾ മാനസാന്തരപ്പെട്ട് ദൈവരാജ്യത്തോട് ചേരുന്നു.

നിങ്ങളുടെ ഹൃദയങ്ങളിൽ വ്യക്തമായ ആത്മഭാരം ഉണ്ടായിരിക്കട്ടെ. പരിശുദ്ധാത്മാവിനാൽ അത് സംഭവിക്കട്ടെ. ജീവിതത്തിൽ സമർപ്പണമില്ലാത്തവന്റെ മേൽ ആത്മഭാരം ദൈവം വയ്ക്കയില്ല. ഞാൻ വ്യർത്ഥമായി എന്നെ അന്വേഷിപ്പിൻ എന്നല്ല കല്പിച്ചത്. (യെശ. 45:19). “ദൈവമോ രാപ്പകൽ തന്നോട് യാചിക്കുന്ന തന്റെ വൃതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുള്ളവൻ ആയാലും അവരെ പ്രതിക്രിയ നടത്തി രക്ഷിക്കയില്ലയോ? വേഗത്തിൽ അവരെ പ്രതിക്രിയ നടത്തി രക്ഷിക്കും എന്ന് ഞാൻ നിങ്ങളോട് പറയുന്നു ” (ലൂക്കൊ. 18:18).

നിങ്ങൾ വീണ്ടും ജനിക്കയും ഉണർവ്വിനുവേണ്ടിയുള്ള ആത്മഭാരം ഇല്ലാതെയിരിക്കയും ചെയ്യുന്നുഎങ്കിൽ ഈ വചനം ശ്രദ്ധിക്ക. ... “നിങ്ങൾ തലപൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾ തന്നെ കൊയ്ത്തിന് വെളുത്തിരിക്കുന്നത് കാണാം ” (യോഹ. 4:35, ലൂക്കൊ. 10;2). ഭയാനകമായ ആ ആവശ്യത്തെ നോക്കൂ. നമുക്കു ചുറ്റും ആളുകൾ വഴിതെറ്റി നരകത്തിലേയ്ക്ക് വീഴുന്നു. ആളുകൾ വലിയ പ്രശ്നങ്ങളിൽ ആയിരിക്കുന്നു, തെറ്റുകൾ തിരുത്തപ്പെടേണ്ടതായിട്ടുണ്ട് - **പ്രാർത്ഥിക്കാം.**

ദൈവം കാര്യങ്ങളെ വ്യത്യാസമാക്കും, ദൈവം തന്റെ ജനത്തോട് ചേർന്ന് പ്രവർത്തിക്കുന്നു. “ ഞങ്ങൾ ദൈവത്തിന് കൂട്ടുവേലക്കാർ ആകുന്നു ” (1കൊരി. 3:90. “ഞങ്ങൾ ക്രിസ്തുവിന്റെ സ്ഥാനാപതികൾ ആകുന്നു” (2കൊരി. 5:20).

ദൈവവചനം പറയുന്നു. .... “ നിങ്ങളിൽ ഉള്ളവൻ ലോകത്തിലുള്ളവനെക്കാൾ വലിയവനല്ലോ ” (1യോഹ. 4:4). അതുകൊണ്ട്, ദൈവം തന്റെ വചനത്തിലുണ്ട്, എഴുന്നേറ്റ് ശത്രുവിനെ പരാജയപ്പെടുത്താം, ദൈവം നമുക്കു പകർന്നു തന്റെ അധികാരത്താൽ ഇരുട്ടിന്റെ അധികാരങ്ങളോട് പോരാടാം (എഫെ. 6:10-20). ഇതാ യേശുപറയുന്നു..... “ ശത്രുവിന്റെ സകല ബലത്തേയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു ” (ലൂക്കൊ. 10:19). ഇത് എന്നാൽ ഇത് ദൈവജനത്തിന്റെ ഹൃദയങ്ങളിൽ വാഴണം.

ഒരു ദുഷ്ടാത്മാവിന്റെ പ്രവൃത്തി ലോകത്തിൽ വ്യാപരിക്കുന്നുണ്ട്. .... ഈ അന്ധാകരത്തിന്റെ ലോകാധിപതികളോടും (എഫെ. 6:12). അത് ആശയക്കുഴപ്പം ഉണ്ടാക്കുന്നു. എന്നാൽ, നാം ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കണം. സകല അന്ധകാരശക്തിയുടെ മേലും തന്നിരിക്കുന്ന ദൈവിക അധികാരം നന്നായി ഉപയോഗിച്ച് ശത്രുവിനോട് പോരാടേണ്ടതാണ്. .... **ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചു** (എഫെ. 6:18).

അതുകൊണ്ട് ദൈവത്തിന്റെ വിളിയെ അനുസരിച്ച് ദൈവജനം ഒത്തുചേർന്ന് ഉണർവ്വിനുവേണ്ടി പ്രാർത്ഥിക്കാം, പ്രവർത്തിക്കാം (സങ്കീ. 85:6). കർത്താവിന്റെ ശക്തിയിൽ ബലപ്പെട്ട് ദുഷ്ടൻ ഓടിപ്പോകുന്നതുവരെയും എതിർത്തു നിൽക്കാം.

ലക്ഷ്യം തെറ്റാതെ ഉപയോഗമില്ലാത്ത സ്വാർത്ഥതയും അഹങ്കാരവും വിട്ട് പോരാടാം. യഹോവയെ സ്നേഹിച്ച് സേവിച്ച് അവിടുത്തെ ദാസന്മാരായിരിക്കേണ്ടതിന് (യെശ. 55:6).

ഇപ്പോൾ തുടങ്ങാം! ദൈവത്തോട് നിലവിളിക്കാം! പ്രാർത്ഥനയിൽ പോരാടാം! ഇടവിടാതെ പ്രാർത്ഥിപ്പിൻ (1തെസ്സ. 5:17). ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975